## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T.8042 — 24.07.2012-ൽ മറുപടിക്ക്

### മുദ്രവില ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങൾക്ക് സംഘം മെമ്പർമാരിൽ നിന്നും വ്യാപാര ആവശ്യത്തിന് വസ്തുക്കൾ വാങ്ങുമ്പോൾ മുദ്രവില മുഴുവനായും ഒഴിവാക്കുന്നതിന് GO(Ms.) 795/60/Agri. തീയതി 18-10-1960 പ്രകാരം ഉത്തരവ് നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ശ്രീകണ്ഠപുരം അഗ്രി. പ്രൊഡക്ട്സ് & ടോഡിടാപ്പേഴ്സ് സഹകരണ സംഘത്തിന്റെ പേരിൽ തളിപ്പറമ്പ് സബ് രജിസ്ട്രാഫീസിലെ P/6012 നമ്പർ ആധാരത്തിന് മുദ്രവില ഈടാക്കിയിട്ടുണ്ടോ; | (ബി) മുദ്രവില ഈടാക്കിയിട്ടില്ല. എന്നാൽ കണ്ണൂർ ജില്ലാ രജിസ്ട്രാറുടെ (രജിസ്ട്രേഷൻ വകുപ്പ്) 20.06.2012 ലെ ജി(1)3207/12 ഉത്തരവുപ്രകാരം 52,000/- രൂപ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സംഘത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി) മുദ്രവില ഈടാക്കുന്നതിനായി കണ്ണൂർ ജില്ലാ രജിസ്ട്രാർ (ജനറൽ) G1/3207/2012 പ്രകാരം നൽകിയ ഉത്തരവ് പുന:പ്പരിശോധിച്ച് GO(Ms.) 795/60/Agri. അനുസരിച്ച് മുദ്രയും പിഴയും ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ ? | (സി) ഉത്തരവ് പുനഃപരിശോധിക്കുവാൻ സംഘം രജിസ്ട്രേഷൻ വകുപ്പിനെ സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ